# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2676 13.03.2020 ൽ മറുപടിക്ക്**

**കരമന-കളിയിക്കാവിള ദേശീയപാത വികസനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ<br>" .എം. വിൻസെന്റ് | ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) കരമന-കളിയിക്കാവിള ദേശീയപാത നാലുവരി പാതയാക്കുന്ന പ്രവർത്തന ത്തിന്റെ ഒന്നാംഘട്ടം കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ മുൻ സർക്കാരിന്റെ കാലത്ത് വേഗത്തിൽ പൂർത്തിയാക്കുവാൻ സാധിച്ചിട്ടുണ്ടോ; | എ) കരമന-കളിയിക്കാവിള ദേശീയപാത നാലുവരി പാതയാക്കുന്ന പ്രവർത്തന ത്തിന്റെ ഒന്നാംഘട്ടം ഒന്നാം റീച്ച് കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ 24.10.2014 -ൽ ആരംഭിച്ചു. ടി പ്രവൃത്തിക്ക് അനുവദിച്ചിട്ടുള്ള കാലാവധി ഒരു വർഷമായിരുന്നു. എന്നാൽ 22.01.2016 നാണ് പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചത്. |
| ബി) പ്രാവച്ചമ്പലം മുതൽ കൊടിനടവരെയുള്ള രണ്ടാം റീച്ചിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നാണ് ആരംഭിച്ചത്; പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രതീക്ഷിച്ച വേഗത കൈവരിക്കുവാൻ സാധിക്കാത്തത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ; | ബി) കരമന - കളിയിക്കാവിള ദേശീയപാത വികസനം ഒന്നാം ഘട്ടം രണ്ടാം റീച്ച് (പാർട്ട് 1) പ്രാവച്ചമ്പലം മുതൽ കൊടിനട വരെയുള്ള 5 കി മീ ഭാഗത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 11.01.2019-ന് ആരംഭിച്ചു. ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 10.01.2021 വരെ സമയം അനുവദിച്ചിട്ടുണ്ട്. ഈ കാലാവധിയ്ക്ക് മുൻപായി പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. |
| സി) ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള ഭൂമി ഏറ്റെടുക്കൽ പൂർത്തിയായിട്ടുണ്ടോ; | സി) ഒന്നാം ഘട്ടം രണ്ടാം റീച്ച് (പാർട്ട് 2) ബാലരാമപുരം കൊടിനട മുതൽ വഴിമുക്ക് വരെയുള്ള 1.5 കി മീ ഭാഗത്ത് നിലവിൽ ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിച്ചിട്ടില്ല. |
| ഡി) ദേശീയപാത വികസനത്തിൽ വന്നിട്ടുള്ള കാലതാമസം ഒഴിവാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | ഡി) നിലവിൽ നിർമ്മാണം പുരോഗമിക്കുന്ന ഒന്നാം ഘട്ടം രണ്ടാം റീച്ച് (പാർട്ട് 1) പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനട വരെയുള്ള 5 കി മീ ഭാഗത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എഗ്രിമെന്റിൽ നിശ്ചയിച്ചിരിക്കുന്ന സമയ പരിധിക്കുള്ളിൽ തന്നെ പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് |

പ്രതീക്ഷിക്കുന്നത്. നിലവിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള ഒന്നാം ഘട്ടം രണ്ടാം റീച്ച് (പാർട്ട് 2) ബാലരാമപുരം കൊടിനട മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്തിൽ കാട്ടാക്കട വിഴിഞ്ഞം റോഡിൽ വരുന്ന അണ്ടർപാസിന്റെ അലൈന്മെന്റിനും ഡി പി ആറിനും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തന്നെ ഈ ഭാഗത്തെ സ്ഥലമേറ്റെടുക്കൽ നടപടികൾ റവന്യൂ വിഭാഗം വഴി അടിയന്തിരമായി പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ